**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4597** **19-03-2025 - ൽ മറുപടിയ്ക്ക്**

**മലമ്പുഴ നിയോജകമണ്ഡലത്തിലെ വനംവകുപ്പിന്റെ ഫെൻസിംഗ് പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മലമ്പുഴ നിയോജകമണ്ഡലത്തിലെ വനാതിർത്തികളിലും കൃഷിയിടങ്ങളിലുമുണ്ടാകുന്ന വന്യജീവി ആക്രമണം തടയുന്നതിനായി ഫെൻസിംഗ് ചെയ്യുന്ന പ്രവൃത്തികൾ വനംവകുപ്പ് നടത്തിവരുന്നുണ്ടോ; വിശദാംശം അറിയിക്കാമോ; | (എ) | മലമ്പുഴ നിയോജക മണ്ഡലത്തിലുൾപ്പെടുന്നതും പാലക്കാട് വനം ഡിവിഷനു കീഴിൽ വരുന്നതുമായ ഒലവക്കോട്, വാളയാർ റെയിഞ്ചുകളുടെ പരിധിയിൽ NABARD Tranche XXVIII പദ്ധതിയിൽ 13.50 കി.മീറ്റർ ദൂരത്തിലും, NABARD Tranche XXXI പദ്ധതിയിൽ 23 കി.മീറ്റർ ദൂരത്തിലും സൗരോർജ്ജ തൂക്കുവേലികൾ നിർമ്മിക്കുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ഏതെല്ലാം പ്രദേശങ്ങളിലാണ് പ്രസ്തുത പ്രവൃത്തി നടത്തിവരുന്നത്; പ്രസ്തുത പ്രവൃത്തിക്കായി അനുവദിച്ച തുക, പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ? | (ബി) | വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം- 4597

| പദ്ധതി | സൗരോർജ്ജ തൂക്കുവേലി സ്ഥാപിക്കുന്ന പ്രദേശം | ദൂരം (കി.മീ.) | അനുവദിച്ച തുക (രൂ. ലക്ഷം) | തൽസ്ഥിതി |
|---|---|---|---|---|
| നബാർഡ് ട്രാഞ്ചെ XXVIII | പുളിയംപുള്ളി മുതൽ പരുത്തി വരെ | 1.50 | 12.00 | പൂർത്തീകരിച്ചു. |
| | ധോണി മുതൽ എച്ച്.ഡി. ഫാം വരെ | 12.00 | 75.30 | 4 കി.മീ. പൂർത്തീകരിച്ചു. |
| നബാർഡ് ട്രാഞ്ചെ XXXI | നീലിപ്പാറ മുതൽ കട്ടിക്കൽ വരെ | 9.00 | 69.98 | ഭരണാനുമതി നൽകി. അക്രെഡിറ്റഡ് ഏജൻസികൾ മുഖേന നിർവഹിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അക്രെഡിറ്റഡ് ഏജൻസിയെ തെരഞ്ഞെടുക്കുന്ന പ്രക്രിയ അന്തിമ ഘട്ടത്തിലാണ്. |
| | 53 ക്വാറി മുതൽ മാപ്പിളക്കുളമ്പ് വരെ | 3.00 | 108.51 | |
| | കുത്താമ്പള്ളം മുതൽ ഐ.ഐ.ടി. കോമ്പൗണ്ട് വരെ | 2.00 | | |
| | എം.സി.എൽ. മുതൽ പാലക്കമ്പ വരെ | 2.80 | | |
| | പുതുപ്പാത്തി മുതൽ എം.സി.എൽ. വരെ | 2.00 | | |
| | ചാവടിപ്പാറ നഗറിന് ചുറ്റും | 2.00 | | |
| | നട്ടുപ്പതി നഗറിന് ചുറ്റും | 2.00 | | |